ത്തുന്ന സമുദായങ്ങൾക്ക് കൂടുതൽ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്ന കാര്യം തീർച്ചയായിട്ടും അനുഭാവപൂർവ്വം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(16) പി.എസ്.സി. ലിസ്റ്റിൽനിന്ന് കോളേജദ്ധ്യാപകരെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.എൻ. ജയദേവൻ : സർ, നമ്മുടെ സംസ്ഥാനത്തെ കോളേജ് അദ്ധ്യാപകരുടെ നിയമനം ഗവൺമെന്റ് നിർത്തിവച്ചിരിക്കുകയാണ്. പക്ഷെ പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് . നിയമനം നിർത്തിവച്ചിരിക്കുന്നതുമൂലം പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട യോഗ്യതയുള്ളവർക്ക് നിയമനം ലഭിക്കുന്നതിനുള്ള അവസരങ്ങൾ നഷ്ടപ്പെടുകയാണ്. പലരുടേയും പ്രായപരിധി കഴിഞ്ഞുകൊണ്ടിരിക്കുകയാണ്. പി.എസ്.സി. ലിസ്റ്റിൽനിന്ന് ഒരാളെയെങ്കിലും നിയമിക്കണമെന്ന വ്യവസ്ഥയും ലംഘിക്കപ്പെടുകയാണ്. ഫിസിക്സ് അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം ആവശ്യപ്പെട്ടുകൊണ്ട് ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ഫിസിക്സുകാർക്ക് നിയമനം കിട്ടി. അതിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കണമെന്ന്, ആവശ്യപ്പെട്ടുകൊണ്ട് ഡിവിഷൻബെഞ്ചിൽ അപ്പീൽ നൽകിയെങ്കിലും ലിസ്റ്റിൽനിന്നും ഒരൊറ്റയാളിനെപ്പോലും നിയമിച്ചിട്ടില്ല. അവരിൽ പലരുടേയും പ്രായപരിധി കഴിയുകയാണ്. ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഭാഗം അദ്ധ്യാപകരുടെ റാങ്കുലിസ്റ്റുകളിലുൾപ്പെട്ടവരുടെ പ്രായപരിധിയും കഴിയുകയാണ്. അവരെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാക്കണം, ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പ്രീഡിഗ്രി ബാച്ചുകൾ വേർപ്പെടുത്തിക്കഴിയുമ്പോൾ കോളേജുകളിൽ അദ്ധ്യാപകരുടെ പോസ്റ്റുകളുടെ എണ്ണം കുറയുക സ്വാഭാവികമാണ്. പുതിയതായി സൃഷ്ടിക്കുന്ന തസ്തികകളിൽ നിലവിലുള്ള അദ്ധ്യാപകരെ വിന്യസിപ്പിക്കേണ്ടതുണ്ട്. യഥാർത്ഥത്തിലുള്ള ആവശ്യം കണക്കിലെടുത്തശേഷം പുതിയ തസ്തികകൾ അനുവദിക്കും. ഈ ആവശ്യങ്ങൾ പരിശോധിക്കുന്നതിന് ഒരു എംപവേർഡ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. സർപ്ലസ് ടീച്ചേഴ്സില്ലെന്ന് ബോധ്യപ്പെടുത്തിയാൽ വേക്കൻസികളിലേയ്ക്ക് പുതിയ നിയമനങ്ങൾ നടത്തുന്നതാണ്. താൽക്കാലികമായി ഉണ്ടാകുന്ന വേക്കൻസികളിൽ ഗസ്റ്റ് ലക്ചർമാരെ നിയമിക്കാനാണ് ഇപ്പോൾ തീരുമാനമെടുത്തിട്ടുള്ളത്. പലവട്ടം ചർച്ചചെയ്യപ്പെട്ട ഒരു കാര്യമാണിത്. സർപ്ലസ് ടീച്ചേഴ്സ് ഇല്ലെന്ന് വന്നാൽ പി.എസ്.സി ലിസ്റ്റിൽനിന്നും അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാൻ എംപവേർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(17) കണിയാപുരം കെ.എസ്.ആർ.ടി.സി ബസ്സ്റ്റേഷന്റെ അപര്യാപ്തതകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഉദ്ഘാടനം കഴിഞ്ഞ് രണ്ടു വർഷം തികയാറായിട്ടും കണിയാപുരം നിയോജകമണ്ഡലത്തിലെ കണിയാപുരം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷൻ അപര്യാപ്തതകൾകൊണ്ട് വീർപ്പു

LIBRARY ARCHIVES Kerala Legislative Assembly